# 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിശീലനം തുടരുന്നു

കൊച്ചി ● നാളികേര വികസന ബോർഡിന്റെ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' രണ്ടാം ഘട്ടം പരിശീലന പരിപാടി രണ്ടു മാസത്തേക്കു കൂടി മാത്രം. ജില്ലയിൽ 'ലെഡ്സ്' എന്ന സന്നദ്ധ സംഘടനയുടെ നേതൃത്വത്തിൽ പുത്തൻവേലിക്കര അസീസി ഭവൻ കേന്ദ്രീകരിച്ചു നടത്തുന്ന അടുത്ത ബാച്ചുകളിലേക്കുള്ള അപേക്ഷ ക്ഷണിച്ചു.

സ്ഥിര വരുമാനം ആഗ്രഹിക്കുന്ന 18നും 40നും ഇടയിൽ പ്രായമുള്ള പൂർണ ആരോഗ്യമുള്ള യുവതി യുവാക്കൾക്കാണു പരിശീലനം. അപേക്ഷകർ ഏഴാം ക്ലാസ് പാസായിരിക്കണം. ഒരു ബാച്ചിൽ 20 പേർക്കു താമസിച്ചുള്ള പരിശീലനമാണ് ലഭിക്കുക. തിങ്കൾ മുതൽ ശനി വരെ ആറു ദിവസം നീളുന്ന പരിശീലന പരിപാടിയിൽ താമസ സൗകര്യം, ഭക്ഷണം എന്നിവ സൗജന്യമാണ്. 150 രൂപ ദിവസബത്തയും നൽകും.

അതതു ജില്ലകളിൽ രണ്ടാം ഘട്ട പരിശീലനം പൂർത്തിയാക്കുന്ന 500 പേർക്കു സൗജന്യമായി തെങ്ങുകയറ്റ യന്ത്രം നൽകും. സൗജന്യ ഇൻഷുറൻസും ഉറപ്പാക്കും. യന്ത്രവൽകൃത തെങ്ങുകയറ്റം തൊഴിലായി സ്വീകരിച്ചു വരുമാനം ലഭിക്കാനും ഉപകരിക്കുന്ന പദ്ധതിയെപ്പറ്റിയുള്ള വിവരങ്ങൾക്ക്: 0484 2345570.